## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3775** **21.06.2018-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ആശുപത്രിക്ക് നൽകാനുള്ള തുക**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യബെനവലണ്ട് സ്കീമിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ ആശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ സർക്കാർ ആശുപത്രികളും കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്നു. കാസർഗോഡ് ജില്ലയിലെ മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെൻറർ എന്നീ സ്വകാര്യ ആശുപത്രികളും കാരുണ്യ ബനവലൻറ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം രോഗങ്ങൾക്ക് കാരുണ്യ പദ്ധതി പ്രകാരം ഈ ആശുപത്രികളിൽ നിന്ന് ചികിത്സ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജനറൽ ആശുപത്രിയിലും, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും വൃക്ക രോഗികൾക്കുള്ള ചികിത്സാ ധനസഹായത്തിന്റെ അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരം ചികിത്സാ സഹായം നൽകിയിട്ടുണ്ട്. മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെൻറർ എന്നീ സ്വകാര്യ ആശുപത്രികളിൽ വൃക്കരോഗ ചികിത്സയ്ക്കാണ് ധന സഹായം നൽകിയിട്ടുള്ളത്. |
| (സി) | അതുവഴി സർക്കാർ ഈ ആശുപത്രിക്ക് നൽകാനുള്ള തുക എത്രയാണെന്നും മുഴുവൻ തുകയും നൽകി കഴിഞ്ഞോ എന്നും വ്യക്ത മാക്കാമോ; | (സി) | കാസർഗോഡ് ജനറൽ ആശുപത്രിയിലേക്കും, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്കും തുകയൊന്നും കുടിശ്ശിക ഇല്ല. കാസർഗോഡ് ജില്ലയിലെ അക്രെഡിറ്റഡ് സ്വകാര്യ ആശുപത്രികൾക്ക് നിലവിൽ നൽകുവാനുള്ള തുക താഴെ പറയുന്നു. മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ- (18.06.2018 വരെ) 6,92,250/- രൂപ<br>കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെൻറർ - (18.06.2018 വരെ) 8,65,150/-രൂപ |
| (ഡി) | ഇല്ലെങ്കിൽ എത്ര തുക ബാക്കിയുണ്ടെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ? | (ഡി) | മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റലിന്- 6,92,250/- രൂപയും, കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെൻററിന് - 8,65,150/-രൂപയും നൽകാനുണ്ട്.<br>മേൽപ്പറഞ്ഞ തുകയ്ക്കുള്ള ക്ലെയിമുകൾ 2018 മെയ് മാസത്തിലാണ് ലഭിച്ചിട്ടുള്ളത്. ടി ക്ലെയിമുകൾ തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടത്തിലാണ്. നടപടി ക്രമം പൂർത്തിയായാലുടൻ തന്നെ തുക വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ